# കണ്ടുപിടിക്കാതെ വിട്ടുപോയ വിറ്റുവരവിന് നികുതി ചുമത്താൻ നടപടിയെടുക്കാം

## കേരള ഹൈക്കോടതി

W.P. (C) No. 3058/2018 Dt. 13.3.2018

ബിനു ഗോപിനാഥ് X സ്റ്റേറ്റ് ഓഫ് കേരള

നിയമപ്രകാരം നികുതി നല്കാൻ ബാധ്യതപ്പെട്ട വ്യാപാരി 2011-2012 സാമ്പത്തിക വർഷത്തിൽ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നികുതി അടച്ചു. അഞ്ച് വർഷത്തിനു ശേഷം 2017 നവംബർ മാസത്തിൽ നികുതി അധികൃതർ നികുതിദായകന് നികുതി പുനർനിർണ്ണയത്തിനുള്ള നോട്ടീസ് നല്കി. 2011-2012 വർഷത്തെ നികുതി നിർണ്ണയിച്ചതിൽ കണ്ടുപിടിക്കാതെപോയ വിറ്റുവരവിന് നികുതി നിർണ്ണയിക്കാനുള്ള നടപടികളെ സംബന്ധിച്ചാണ് നോട്ടീസിൽ പ്രതിപാദിച്ചത്. 2011-2012 വർഷത്തെ നികുതി പുനർനിർണ്ണയിക്കാനുള്ള കാലപരിധി 2017 മാർച്ച് മാസത്തിൽ അവസാനി ച്ചുവെന്നും നോട്ടീസ് പ്രകാരമുള്ള നടപടി അധികാര പരിധിക്കപ്പുറമുള്ളതാണെന്നും ചൂണ്ടി ക്കാട്ടി നികുതിദായകൻ മറുപടി നല്കി. നികുതിദായകന്റെ വാദങ്ങൾ നികുതി അധികൃതർ അംഗീകരിച്ചില്ല. തുടർന്ന് നികുതി പുനർനിർണ്ണയിച്ചുകൊണ്ട് നികുതി ഉദ്യോഗസ്ഥൻ ഉത്തരവി റക്കി. ഇതിനെതിരെ നികുതിദായകൻ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. പുനർനിർണ്ണ യത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ കാലപരിധി 2017 മാർച്ച് 31-നു ശേഷം 2018 മാർച്ച് വരെയായി ദീർഘിപ്പിച്ചുകൊണ്ട് നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ടെന്ന് നികുതി ഉദ്യോഗ സ്ഥർ ചൂണ്ടിക്കാട്ടി. 2017-ലെ ഭേദഗതി 2011-2012 സാമ്പത്തിക വർഷത്തെ നികുതി നിർണ്ണയ ത്തിന് ബാധകമല്ലെന്ന് നികുതിദായകൻ വാദിച്ചത് ഹൈക്കോടതി അംഗീകരിച്ചില്ല. കാലപരിധി കഴിഞ്ഞ കേസുകൾ പുനരുജ്ജീവിപ്പിക്കാൻ വേണ്ടി കൊണ്ടുവന്ന ഭേദഗതി 2011-2012 വർഷത്തെ നികുതി നിർണ്ണയത്തിന് ബാധകമാണെന്ന് വിലയിരുത്തിയ ഹൈക്കോടതി റിട്ട് ഹർജി തള്ളി ക്കളഞ്ഞു.